ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

കായികരംഗത്ത് പ്രോൽസാഹനം നൽകാൻ നടപടി

111 (4155) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായികരംഗത്ത് പ്രോൽസാഹനം നടത്താൻ കലാലയങ്ങളിൽ എന്തെല്ലാം നടപടികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് ;

(ബി) ആയതിന്റെ ഭാഗമായി സ്വകാര്യ വിദ്യാലയങ്ങളിൽ കളിസ്ഥലം ഉണ്ടാക്കാൻ എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ചിരിക്കുന്നത് ;

(സി) കണ്ണൂർ ജില്ലയിൽ കായികരംഗത്ത് മുമ്പന്തിയിലുള്ള വിദ്യാലയങ്ങൾ ഏതെല്ലാം ?

ഉത്തരം

(എ) സംസ്ഥാനത്തെ എല്ലാ കോളേജുകളേയും ഉൾപ്പെടുത്തി കേരള സ്പോർട്സസ് കൗൺസിലിന്റെ ആഭിമുഖ്യത്തിൽ കോളേജ് ഗെയിംസ് നടത്താറുണ്ട്. കോളേജുകളോടനുബന്ധിച്ച്, സ്പോർട്സ് കൗൺസിലിന്റെ നിയന്ത്രണത്തിൽ സ്പോർട്സ് ഹോസ്റ്റലുകൾ പ്രവർത്തിച്ചുവരുന്നു. (32 ഹോസ്റ്റലുകൾ)

(ബി) കളിസ്ഥലങ്ങൾ ഉണ്ടാക്കുന്നതിന് അപേക്ഷ കിട്ടുന്ന മുറയ്ക്ക് കേരള സ്പോർട്സ് കൗൺസിൽ അവ പരിഗണിച്ച് ധനസഹായം നൽകി വരുന്നു.

(സി) ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ, കണ്ണൂർ, (കണ്ണൂർ സ്പോർട്സ് ഡിവിഷൻ) കാടാച്ചിറ സ്കൂൾ, സെന്റ് മൈക്കിൾസ് ആംഗ്ലോ ഇൻഡ്യൻ ഹയർ സെക്കണ്ടറി സ്കൂൾ, പാലിയോട് ജി. എച്ച്. എസ്. എസ്., എസ്. എൻ. ട്രസ്റ്റ് സ്കൂൾ, എസ്. എൻ. കോളേജ് കണ്ണൂർ, പയ്യന്നൂർ കോളേജ് പി.ആർ.എൻ.എസ്. കോളേജ്, മട്ടന്നൂർ എന്നിവ കായികരംഗത്ത് മുമ്പന്തിയിലുള്ള വിദ്യാലയങ്ങൾ ആണ്.

ടീമുകളെയും കായിക താരങ്ങളെയും സൃഷ്ടിക്കുവാൻ നടപടി

112 (4156) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യത്തിന് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കായിക താരങ്ങൾക്ക് തൊഴിൽ നല്കുവാനും വിവിധ സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ ടീമുകളേയും കായിക താരങ്ങളേയും സൃഷ്ടിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികളും വിശദീകരിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly